**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**കെ.എ.പി.-4 ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർ നിയമനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2000. 11/02/2020-ൽ മറുപടിക്ക്**

**ചോദ്യം** — **ശ്രീ.ജെയിംസ് മാത്യു**

**മറുപടി** — **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കാറ്റഗറി നമ്പർ 657/2017 പ്രകാരമുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; വിശദമാക്കാമോ; | (എ) | കാറ്റഗറി നമ്പർ 657/2017 പ്രകാരമുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 2019 ജൂലൈ മാസത്തിലാണ്. |
| (ബി) | 2019 ഡിസംബർ 31 വരെ കെ.എ.പി.-4 ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്; ഈ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് റിപ്പോർട്ട് ചെയ്യാത്തത്; വിശദമാക്കാമോ; | (ബി) & (സി) | 2019 ഡിസംബർ 31 വരെ കെ.എ.പി.-4 ബറ്റാലിയനിൽ 108 ഒഴിവുകൾ ഉണ്ടായിരുന്നു. നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ 397 പേരെ പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ചെയ്തതായിട്ടുള്ള വിവരം ലഭ്യമായിട്ടുണ്ട്. നിയമന നടപടികൾ നടന്നു വരുന്നു. |
| (സി) | സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ് വന്നതിനുശേഷം കെ.എ.പി.-4 എത്ര ബാച്ചുകൾക്ക നിയമനങ്ങൾക്ക് ഉത്തരവ് നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | | |
| (ഡി) | കെ.എ.പി.-1, കെ.എ.പി.-2, കെ.എ.പി.-3 എന്നീ ബറ്റാലിയനുകളിൽ സി.പി.ഒ. റാങ്ക് ലിസ്റ്റ് വന്നതിനുശേഷം എത്ര ബാച്ചുകൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | (ഡി) | സി.പി.ഒ. റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി. അഡ്വൈസ് ചെയ്തവരുടെ വിവരം ചുവടെ ചേർക്കുന്നു.<br>കെ.എ.പി. 1 - 64<br>കെ.എ.പി. 2 - 677<br>കെ.എ.പി. 3 - 571<br>നിയമന നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | സി.പി.ഒ. റാങ്ക് ലിസ്റ്റ് വന്നതിനു ശേഷം കെ.എ.പി.-4 ബറ്റാലിയനിൽ നൽകിയ ആദ്യഘട്ട നിയമന ഉത്തരവിൽ എത്ര എൻ.ജെ.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിലേക്ക് പുതിയ നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ; എൻ.ജെ.ഡി.യും ഒഴിവുകളും ഉൾപ്പെടെ ആകെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | എൻ.ജെ.ഡി. ഒഴിവുകൾ സംബന്ധിച്ച് നിയമന നടപടികൾക്ക് ശേഷം മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളൂ. സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും 397 പേരുടെ നിയമന നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ